പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 135

26.09.2016 ൽ
മറുപടിക്ക്

**കരുനാഗപ്പള്ളി ട്രാഫിക് പോലീസ് സ്റ്റേഷൻ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ആർ. രാമചന്ദ്രൻ** | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) കരുനാഗപ്പള്ളിയിൽ മുൻസർക്കാരിന്റെ കാലത്ത് ട്രാഫിക് പോലീസ് സ്റ്റേഷൻ ഉദ്ഘാടനം ചെയ്തിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കരുനാഗപ്പള്ളിയിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ തുടങ്ങുന്നതിന് അനുമതി നൽകിയിട്ടില്ല. |
| (ബി) ഒരു ട്രാഫിക് പോലീസ് സ്റ്റേഷനിൽ ആവശ്യമായി വരുന്ന തസ്തികകളുടെ വിശദാംശം നൽകാമോ; | (ബി) ട്രാഫിക് പോലീസ് സ്റ്റേഷന്റെ അധികാര പരിധിയും ഗതാഗത പ്രശ്നങ്ങളുടെ രൂക്ഷതയും കണക്കിലെടുത്താണ് ആവശ്യമായി വരുന്ന തസ്തികകൾ സൃഷ്ടിക്കുന്നത്. |
| (സി) കരുനാഗപ്പള്ളിയിൽ ട്രാഫിക് പോലീസ് സ്റ്റേഷന് ആവശ്യമായ തസ്തികകൾ നിശ്ചയിച്ച് ഉത്തരവായിട്ടുണ്ടോ; | (സി) ഇല്ല. |
| (ഡി) കരുനാഗപ്പള്ളിയിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ എത്രയും വേഗം പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) കരുനാഗപ്പള്ളിയിൽ ട്രാഫിക് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ